# പാരിസ്ഥിതികം (2024-25): മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റ് "പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും" എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് "പാരിസ്ഥിതികം". കർമ്മ പരിപാടികളിലൂടെ പരിസ്ഥിതി അവബോധനം ഉറപ്പാക്കുന്ന പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/ അംഗീകൃത സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ/സംഘടനകൾ തുടങ്ങിയവയ്ക്ക് ഈ പദ്ധതിയിൽ പങ്കെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ കർമ്മ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**പ്രമേയം**

2024-25 വർഷത്തെ പരിസ്ഥിതികം പദ്ധതിയുടെ മുഖ്യപ്രമേയം **"ഭൂമി പുന:സ്ഥാപിക്കൽ, മരുഭൂവത്കരണം തടയൽ, വരൾച്ചാ പ്രതിരോധം"** (land restoration, desertification and drought resilience) എന്നതാണ്.

**മാനദണ്ഡങ്ങൾ**

- പാരിസ്ഥിതിക വിഷയങ്ങളിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തന പരിചയമുള്ള സർക്കാരിതര സംഘടനകൾ, പരിശീലനകേന്ദ്രങ്ങൾ, പ്രൊഫഷണൽ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് പദ്ധതിയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്. വ്യക്തികൾക്കും, രജിസ്റ്റർ ചെയ്യാത്തതും മൂന്ന് വർഷത്തെ പ്രവർത്തന പരിചയമില്ലാത്തതുമായ സംഘടനകൾക്കും ഈ പദ്ധതിയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല .
- ഒരു വർഷം മുതൽ രണ്ട് വർഷം വരെ ദൈർഘ്യമുള്ള പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്ഥാപനങ്ങൾക്കും സമർപ്പിക്കുന്ന പദ്ധതികൾക്കനുസൃതമായി പരമാവധി പതിനഞ്ചു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതാണ്. 40:40:20 എന്ന അനുപാതത്തിൽ മൂന്ന് ഗഡുക്കളായി ആണ് പദ്ധതി ധനസഹായം അനുവദിക്കുന്നത്. തദനുസരണം പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും, നാഴികക്കല്ലുകൾ (**Project Milestones**) നിശ്ചയിച്ച് ആയതിന്റെ സമയക്രമം അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ ഉൾപ്പെടെ സമർപ്പിക്കുകയും വേണം.
- ആദ്യ ഗഡുവായി 40% തുകയും, വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി നാഴികക്കല്ലുകളിൽ(**Project Milestones**) 80% പൂർത്തീകരിച്ച് ഇടക്കാല റിപ്പോർട്ടും, ധനപരമായ രേഖകളും സമർപ്പിക്കുന്ന പക്ഷം ആയത് തൃപ്തികരമെങ്കിൽ രണ്ടാം ഗഡുവായ 40% തുകയും, സമർപ്പിച്ച പദ്ധതി രൂപരേഖ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി പരിപാടിയുടെ വിശദമായ റിപ്പോർട്ട്, ഫോട്ടോ, ലഘു വിഡിയോകൾ (പദ്ധതി നടപ്പാക്കുന്നതിന് മുൻപും പിൻപും ഉള്ള അവസ്ഥ വ്യക്തമാക്കുന്നത്), പത്ര വാർത്തകൾ, ഡേറ്റകൾ അടങ്ങിയ സ്പ്രെഡ്ഷീറ്റ്, **KFC Form 44** ലുള്ള ധനവിനിയോഗ സാക്ഷ്യപത്രം (**Utilization Certificate**), ധനവിനിയോഗ പത്രിക (**Expenditure Statement**) എന്നിവ സമർപ്പിച്ചതിനു ശേഷം ആയത് വിലയിരുത്തി തൃപ്തികരമാണെങ്കിൽ അവശേഷിക്കുന്ന 20% തുകയും നൽകുന്നതായിരിക്കും .
- അതത് പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച നിലവിലത്തെ സ്ഥിതി വെളിവാക്കുന്ന ചിത്രങ്ങൾ, ലഘു വീഡിയോ, നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ

എന്നിവ വ്യക്തമാക്കുന്ന തരത്തിലുള്ളതായിരിക്കണം പദ്ധതി പ്രൊപ്പോസൽ.

- പ്രൊപ്പോസലിനോടൊപ്പമുള്ള ബഡ്ജറ്റിൽ പദ്ധതി നിർവഹിക്കുന്നതിനായി അപേക്ഷകന്റെ ഭാഗത്തു നിന്നും വിനിയോഗിക്കാനുദ്ദേശിക്കുന്ന തുകയുടെയും സാധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
- കർമ്മ പദ്ധതികളില്ലാത്തതും നിർദ്ദിഷ്ട മാതൃകയിൽ അല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല .
- സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനും അർഹമായ ധനസഹായം നൽകുന്നതിനുമുള്ള അധികാരം പൂർണ്ണമായും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. ആവശ്യമെന്നു തോന്നുന്ന പക്ഷം പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ ആരായുന്നതിനായി കൂടിക്കാഴ്ച്ചക്കായി ഡയറക്ടറേറ്റിൽ ക്ഷണിക്കുന്നതാണ് .
- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ ഡയറക്ടറേറ്റുമായി നിശ്ചിതമാതൃകയിലുള്ള കരാറിൽ ഏർപ്പെടേണ്ടതാണ് .
- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ അതത് മാസത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രവർത്തന കലണ്ടർ **(Activity Calendar)** ഡയറക്ടറേറ്റിൽ വെബ് പോർട്ടൽ മുഖേന തന്നെ സമർപ്പിക്കേണ്ടതാണ്.
- പദ്ധതിയിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾക്കു ആശയവിനിമയങ്ങൾ ഇ-മെയിൽ മുഖേന കൈമാറുന്നതാണ്.
- ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുന്നതും, അപേക്ഷകന്റെ വിഹിതവും ഉൾപ്പെടെ മൊത്തം തുകയും ചെലവഴിച്ചതിന്റെ രേഖകൾ സഹിതം ആണ് ധനവിനിയോഗ രേഖകൾ **(UC & ES)** സമർപ്പിക്കേണ്ടത്.
- സർക്കാരിതര സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത ധനവിനിയോഗ രേഖകളാണ് സമർപ്പിക്കേണ്ടത് .
- നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്തതും ഭാഗികമായി പദ്ധതി നടപ്പാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് തുടർ ധനസഹായം നൽകുന്നതല്ല. പ്രസ്തുത സ്ഥാപനങ്ങൾ അനുവദിച്ച തുക 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.
- പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം നിർബന്ധമായും പാലിക്കേണ്ടതും, വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തിറക്കുന്ന എല്ലാ രേഖകളിലും ആശയവിനിമയ ഉപാധികളിലും പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റിന്റെ പേരുകൂടി ആലേഖനം ചെയ്യേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടക്കുമ്പോൾ ആ വിവരം മൂന്നാഴ്ച മുൻപെങ്കിലും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതുമാണ്.